നം.ITS/2011/08/1408(1)

**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം തിരുവനന്തപുരം**

**തിയതി:12.08.2011**

## സർക്കുലർ

വിഷയം:- **പൊതുവിദ്യാഭ്യാസം - സ്കൂളുകളിൽ രക്ഷിതാക്കൾക്കുള്ള ഐ.സി.ടി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:- സർക്കാർ കത്ത് നമ്പർ . 27207/ജി3/11/പൊ.വി.വ. തീയതി : 20.06.2011

കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ കഴിഞ്ഞ പത്തുവർഷക്കാലമായി വിവരവിനിമയസാങ്കേതികവിദ്യയുടെ നൂതനവും വൈവിദ്ധ്യമുള്ളതുമായ സങ്കേതങ്ങളും സൗകര്യങ്ങളും ഉപയോഗപ്പെടുത്തിക്കൊണ്ട് പഠനബോധനപ്രവർത്തനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ഭരണ നിർവ്വഹണം ഏറ്റവും കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഐ റ്റി അറ്റ് സ്കൂൾ പ്രോജക്ടിന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. ഐ സി റ്റി സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് നമ്മുടെ വിദ്യാലയങ്ങളിൽ നടന്നുവരുന്ന പഠനവും പരിശീലനങ്ങളും ഇന്ന് ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾ മാത്രമല്ല മറ്റു രാജ്യങ്ങൾപോലും മാതൃകയാക്കുന്ന തരത്തിലേക്ക് മാറിക്കഴിഞ്ഞു. കേന്ദ്ര സംസ്ഥാന സർക്കാരുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, അധ്യാപക-രക്ഷാകർതൃ സംഘടനകൾ തുടങ്ങി എല്ലാവരുടെയും സഹായത്തോടെ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഐ.സി.ടി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ സൗകര്യങ്ങൾ ഇനിയും കൂടുതൽ മെച്ചപ്പെടുത്തുന്നതിനും അത് പരിരക്ഷിച്ച് നിലനിർത്തുന്നതിനും രക്ഷാകർതൃസമൂഹത്തിന്റേയും ബഹുജനങ്ങളുടേയും സഹായവും പങ്കാളിത്തവും ഉണ്ടാവേണ്ടതുണ്ട്. ഈ സൗകര്യങ്ങളുടെ ഫലപ്രദമായ ഉപയോഗം ഉറപ്പുവരുത്തുകയും ചെയ്യേണ്ടതുണ്ട്. അതിനായി സംസ്ഥാനത്തെ മുഴുവൻ ഹൈസ്കൂളുകളും രക്ഷിതാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് സ്കൂളുകളിൽ ഒരുക്കിയിട്ടുള്ള നൂതനമായ ഐ.സി.ടി സൗകര്യങ്ങളെക്കുറിച്ചും അവ വിദ്യാർഥികളുടെ പഠനപ്രവർത്തനത്തിൽ ഉപയോഗപ്പെടുത്തുന്നതിനെക്കുറിച്ചുമുള്ള ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. തുടർന്ന് രക്ഷിതാക്കൾക്ക് സ്കൂളുകളിൽ ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്ന സ്വതന്ത്ര സോഫ്റ്റ് വെയറുകൾ പരിചയപ്പെടുത്തുന്നതിനും അടിസ്ഥാന ഐ.സി.ടി. നൈപുണികൾ (ഐ.ടി ഉപയോഗം, മലയാളം കമ്പ്യൂട്ടിംഗ്, ഇന്റർനെറ്റ്) പരിശീലിപ്പിക്കുന്നതിനുമുള്ള പ്രത്യേകമായ പരിശീലന പരിപാടികൾ സ്കൂൾതലത്തിൽ സംഘടിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു :

1. എല്ലാ ഹൈസ്കൂളുകളിലും സ്കൂൾ ഐ ടി ക്ലബ്ബിന്റെ നേതൃത്വത്തിൽ 2011 ഓഗസ്റ്റ് 20-നും സെപ്റ്റംബർ 13- നും ഇടയിലായി മുൻപായി രക്ഷിതാക്കൾക്കുള്ള പ്രത്യേക ഐ സി ടി ബോധവൽക്കരണപരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

2. രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണ ക്ലാസ്സുകളിൽ അവതരിപ്പക്കേണ്ടതും ചർച്ച ചെയ്യപ്പെടേണ്ടതുമായ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഐ ടി അറ്റ് സ്കൂൾ പ്രോജക്റ്റിൽ നിന്നും നൽകുന്നതാണ്

3. എല്ലാ സ്കൂളുകളിലും സ്വതന്ത്ര സോഫ്റ്റ് വെയർ ദിനാചരണത്തിന്റെ ഭാഗമായി സെപ്റ്റംബർ 17 ന് രക്ഷിതാക്കൾക്ക് സ്വതന്ത്ര സോഫ്റ്റ് വെയർ അധിഷ്ഠിതമായ ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കേണ്ടതാണ്. തുടർന്നുള്ള ദിവസങ്ങളിൽ ആവശ്യമുള്ളവർക്ക് കൂടുതൽ ബാച്ചുകളിലായി സ്കൂൾ പ്രവർത്തി സമയത്തെ ബാധിക്കാതെ പരിശീലനം സംഘടിപ്പിക്കേണ്ടതാണ്.

4. സ്കൂൾ പ്രഥമാധ്യാപകർ, പി.ടി.എ. ഭാരവാഹികൾ, ഐ.ടി കോർഡിനേറ്റർ എന്നിവരുടെ നേതൃത്വത്തിലാണ് ബോധവൽക്കരണവും പരിശീലനവും നടത്തേണ്ടത്. ഇതിന്റെ റിപ്പോർട്ട് അതാത് സമയങ്ങളിൽ www.parentspgm.itschool.gov.in പോർട്ടലിൽ അപ് ലോഡ് ചെയ്യേണ്ടതാണ്.

5. രക്ഷിതാക്കൾക്കുള്ള ഐ.സി.ടി ബോധവൽക്കരണ പ്രവർത്തനങ്ങൾ സ്കൂൾതലത്തിൽ ആവശ്യമായ പ്രചരണം നൽകി ക്യാമ്പെയിൻ രൂപത്തിൽ നടത്തേണ്ടതാണ്. മികച്ച രൂപത്തിൽ പ്രവർത്തനം നടത്തുന്ന സ്കൂളുകൾക്ക് ഐ.സി.ടി ഹാർഡ് വെയർ വിതരണത്തിൽ പ്രത്യേക പരിഗണന ഉൾപ്പെടെ വിദ്യാഭ്യാസ വകുപ്പ് സമ്മാനങ്ങൾ നൽകുന്നതാണ്.

6. പരിപാടികളുടെ പ്രായോഗിക മാർഗനിർദേശങ്ങൾ ഐ.ടി@സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടർ പുറപ്പെടുവിക്കും.

**എ. ഷാജഹാൻ. ഐ.എ.എസ്**
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**
**തിരുവനന്തപുരം**

1. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ ടി അറ്റ് സ്കൂൾ പ്രോജക്റ്റ്
2. എല്ലാ വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർമാർക്കും
3. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4. എല്ലാ ഹൈസ്കൂൾ പ്രഥമാദ്ധ്യാപകർക്കും